**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1620** **08-12-2022 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് നഷ്ടപെട്ടതിന് ധനസഹായം അനുവദിച്ച് നൽകിയ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2018 | 2019 |
|---|---|---|---|
| 1 | തിരുവനന്തപുരം | 4606 | 651 |
| 2 | കൊല്ലം | 8226 | 481 |
| 3 | പത്തനംതിട്ട | 23727 | 675 |
| 4 | ആലപ്പുഴ | 126567 | 3742 |
| 5 | കോട്ടയം | 36254 | 7997 |
| 6 | ഇടുക്കി | 9480 | 1171 |
| 7 | എറണാകുളം | 164648 | 2188 |
| 8 | തൃശ്ശൂർ | 38847 | 6799 |
| 9 | പാലക്കാട് | 9816 | 5982 |
| 10 | മലപ്പുറം | 8172 | 12999 |
| 11 | കോഴിക്കോട് | 5454 | 7538 |
| 12 | വയനാട് | 8139 | 6515 |
| 13 | കണ്ണൂർ | 3216 | 4123 |
| 14 | കാസർഗോഡ് | 1045 | 1183 |

(ബി) ഇനി എത്ര കുടുംബങ്ങൾക്കാണ് പ്രസ്തുത നഷ്ടപരിഹാരം നൽകാനുള്ളതെന്നും ആകെ എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാരം നൽകാനുള്ളവരുടെ എണ്ണവും, ആകെ നൽകിയ തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2018 | | 2019 |
|---|---|---|---|---|
| | | നൽകാനുള്ളവരുടെ എണ്ണം | നൽകിയ തുക | നൽകാനുള്ളവരുടെ എണ്ണം |
| 1 | തിരുവനന്തപുരം | 3 | 24,27,80,362 | 23 |
| 2 | കൊല്ലം | 25 | 10,78,97,195 | 12 |
| 3 | പത്തനംതിട്ട | 41 | 35,03,77,050 | 18 |
| 4 | ആലപ്പുഴ | 74 | 2,90,19,85,414 | 74 |
| 5 | കോട്ടയം | 336 | 1,84,01,77,654 | 129 |
| 6 | ഇടുക്കി | 2 | 1,29,32,66,990 | 11 |
| 7 | എറണാകുളം | 11 | 5,88,77,80,000 | 30 |
| 8 | തൃശ്ശൂർ | 140 | 1,46,44,00,000 | 128 |
| 9 | പാലക്കാട് | 0 | 1,20,52,67,270 | 106 |
| 10 | മലപ്പുറം | 2 | 62,12,38,206 | 362 |
| 11 | കോഴിക്കോട് | 0 | 64,96,54,194 | 298 |

| | | | | |
|---|---|---|---|---|
| 12 | വയനാട് | 0 | 6,30,18,550 | 151 |
| 13 | കണ്ണൂർ | 34 | 16,96,61,313 | 101 |
| 14 | കാസർഗോഡ് | 4 | 2,90,98,878 | 16 |

2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് വീടുകളുടെ നാശ നഷ്ടങ്ങൾക്കുള്ള ധന സഹായമായി 352 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതിക്കാരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 2019 ലെ പ്രളയത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനായി 2453 അപേക്ഷകൾ വിവിധ ജില്ലകളിൽനിന്നും റവന്യൂ പോർട്ടലിൽ ചേർത്തിട്ടുണ്ട്. ആയതിൽ 585 അപേക്ഷകൾ വിവിധ ജില്ലാകളക്ടർമാർ ശുപാർശ ചെയ്ത് സമർപ്പിച്ചതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള അപേക്ഷകളിൽ അടിയന്തിരമായി നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2019 ലെ പ്രളയത്തിലെ ധനസഹായ വിവരങ്ങളിലെ അപാകത കാരണം സോഫ്റ്റ് വെയർ പ്രകാരം 1530 പേർക്ക് ധനസഹായം നൽകാനുണ്ട്. CDIT -മായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ തകരാറുകൾ പരിഹരിച്ചിട്ടുള്ളതും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു ടീം രൂപീകരിച്ച്, ജില്ല തിരിച്ച്, അപേക്ഷകരുടെ വിവരം ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിട്ടുണ്ട്. ടി വിവരങ്ങളുടെ തെറ്റുകൾ തിരുത്തി കിട്ടുന്നതിലേയ്ക്കായി ജില്ലാകളക്ടർമാർക്ക് പട്ടിക സമർപ്പിച്ചിട്ടുണ്ട്. ആയത് തിരുത്തൽ വരുത്തി തിരികെ ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. നാളിതുവരെ 310 അപേക്ഷകൾ തെറ്റ് തിരുത്തി ജില്ലാ കളക്ടർമാർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളിലെ പിശക് പരിഹരിച്ച് ദുരിതാശ്വാസ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | നഷ്ടപരിഹാരം, എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളിലെ പിശക് പരിഹരിച്ച് ദുരിതാശ്വാസ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ